13

# ദൈവജനത്തിനുള്ള പ്രത്യേകവാക്കുകൾ

ബൈബിൾ വിവരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ നിങ്ങൾ എപ്പോഴെങ്കിലും സ്വർഗ്ഗത്തെ മനസ്സിലാക്കാൻ ശ്രമിച്ചിട്ടുണ്ടോ? നാം പ്രതീക്ഷിക്കുന്നതിൽ നിന്നും അതു വളരെ വ്യത്യസ്തമായിരിക്കും. നമ്മുടെ സ്വർഗ്ഗീയ ഭവനം, തീർച്ചയായും നാം ഊഹിക്കുന്നതിനേക്കാൾ ശ്രേഷ്ഠവും ഭൗതികമായ പൊന്ന്, വെള്ളി, കണ്ണാടി, മുത്ത് എന്നീ നമുക്കു വിവരിക്കാവുന്ന വിലപിടിപ്പുള്ളവയേക്കാൾ മഹത്വകരമാണ് അത്.

"രാജ്യവും" "സഭയും" ദൈവ സന്ദേശവാഹകർ വിവരിച്ചിരിക്കുന്നതു നമ്മുടെ മനസ്സിൽ പതിപ്പിക്കാൻ ശ്രമിച്ചാലും അങ്ങനെ തന്നെയാണ്. തിരുവെഴുത്തിൽ പലപ്പോഴായി ഉപയോഗിച്ചിരിക്കുന്ന ഈ വാക്കുകളെ നാം മനസ്സിലാക്കിയില്ലെങ്കിൽ ഒരുപക്ഷെ ദൈവത്തിന്റെ രക്ഷാപദ്ധതിയിലുള്ള പ്രത്യാശ നമുക്കുണ്ടാവുകയില്ല എന്നു പറയാം.

### "രാജ്യം" എന്ന വാക്ക്

ബൈബിളിലെ പഴയനിയമത്തിലും പുതിയനിയമത്തിലും ദൈവരാജ്യം മുന്നറിവായിട്ടും വെളിപ്പാടായും പറയുന്നുണ്ട്. പഴയനിയമത്തിലും പുതിയ നിയമത്തിന്റെ ആരംഭത്തിലും പ്രവചിക്കയും (മുന്നറിയിപ്പ്), പ്രവൃത്തി 2 ലും പുതിയ നിയമത്തിൽ ശേഷിച്ച ഭാഗങ്ങളിലും രാജ്യം ഭൂമിയിൽ ഒരു യാഥാർത്ഥ്യമായും പറയുന്നു. രാജ്യം എന്ന വാക്ക് ചിലപ്പോൾ ആലങ്കാരികമായും പ്രവചനത്തിൽ അടയാളമായും പറയുന്നുണ്ട്. യഥാർത്ഥത്തിൽ പ്രവാചകന്മാർ നല്കിയ ചിത്രത്തേക്കാൾ മഹത്വകരമായ ചിത്രമാണ് പിന്നീട് കിട്ടുന്നത്. പ്രവചന ചിത്രം കൃത്യതയുള്ളതായിരുന്നു,

പക്ഷെ അതു മർമ്മമായിരുന്നതുകൊണ്ട് മൂടുപടത്തിലായിരുന്നു. കാരണം ഉപയോഗിച്ചതു ആലങ്കാരിക ഭാഷയിലായിരുന്നു.

"രാജ്യം" എന്ന വാക്ക് പഴയനിയമത്തിലും പുതിയനിയമത്തിലും പ്രാധാന്യത്തോടെയാണ് ഉപയോഗിച്ചിരിക്കുന്നത്, എന്നാൽ നാം പ്രത്യേകിച്ച് പുതിയ നിയമത്തിലെ ഉപയോഗമാണ് എടുക്കുന്നത്. പഴയനിയമത്തിലെ പ്രവചന നിവർത്തീകരണമായിട്ടാണ് ദൈവരാജ്യത്തെ പുതിയ നിയമത്തിൽ അവതരിപ്പിച്ചിരിക്കുന്നത്. ബൈബിളിലെ ഈ വാക്കിന്റെ ഉപയോഗം ഒരാൾ ഗ്രഹിക്കാതെ ഒരാൾക്കു ക്രിസ്തുവിന്റെ സഭ എന്തെന്നു മനസിലാക്കാൻ പ്രയാസമാണ്. (അനുബന്ധം 4 നോക്കുക.)

### അതിന്റെ രാഷ്ട്രീയ ഉപയോഗം

ബൈബിളിൽ രാജ്യം എന്ന വാക്ക് ആദ്യം ഉപയോഗിച്ചിരിക്കുന്നത് രാഷ്ട്രീയ അർത്ഥത്തിലാണ്. അതു ഉയർന്ന തലയായി, പരമാധികാരിയായി, ഒരു പ്രതലത്തെ ശക്തമായി ഭരിക്കുന്നതിനെയാണ് അത് സൂചിപ്പിക്കുന്നത്.

ഇസ്രായേൽ ദേശവുമായി യഹോവബന്ധത്തിലുള്ള രീതിയിലും "രാജ്യം" എന്ന വാക്ക് രാഷ്ട്രീയമായി ഉപയോഗിച്ചിട്ടുണ്ട്. ആ യിസ്രായേലിന്റെ ചരിത്രത്തിൽ, ദൈവം ആയിരുന്നു അവരുടെ രാജാവ്. അവരുടെ മതത്തിന്റെയും ഗവൺമെന്റിന്റെയും തല അവനായിരുന്നു. ആ സമയത്ത് ദൈവികഭരണത്തിലുള്ള രാജ്യമായിരുന്നു യിസ്രായേൽ. ദൈവം മിസ്രയിമ്യരെ ചെങ്കടലിൽ നശിപ്പിച്ചതുകണ്ട്, പാടി, "യഹോവ എന്നും എന്നേക്കും രാജാവായി വാഴും" പുറപ്പാട് 15:18). സിനായ് പർവ്വതത്തിനരികിൽ യിസ്രായേൽ പാളയം അടിച്ചപ്പോൾ, ആ ദേശത്തോട് ദൈവം പറഞ്ഞു, "ആകയാൽ, നിങ്ങൾ എന്റെ വാക്ക് കേട്ട് അനുസരിക്കുകയും എന്റെ നിയമം പ്രമാണിക്കയും ചെയ്താൽ നിങ്ങൾ എനിക്ക് സകല ജാതികളിലും വെച്ച് പ്രത്യേക സമ്പത്തായിരിക്കും ഭൂമി ഒക്കെയും എനിക്കുള്ളതല്ലോ; നിങ്ങൾ എനിക്കു ഒരു പുരോഹിത രാജ്യത്വവും വിശുദ്ധജനവും ആകും" (പുറപ്പാട് 19:5, 6). അവർ ജീവിക്കേണ്ട നിയമം യഹോവ അവർക്കു കൊടുക്കും, അവന്റെ നാമത്തിൽ സകല നീതിയും മതപരമായ പ്രവൃത്തികളും അവർ ചെയ്യേണ്ടിയിരുന്നു. അവരെ യുദ്ധത്തിൽ നയിക്കുകയും അവൻമൂലം അവർക്കു വിജയം ലഭിക്കയും ചെയ്തു (സംഖ്യാപുസ്തകം 21:34). അവൻ യിസ്രായേലിന്റെ രാജാവും, യിസ്രായേൽ ഒരു ദേശമായി, അവന്റെ

ഭരണത്തിൽ, അവന്റെ ആധിപത്യവും ആയിരുന്നു.

ശമൂവേലിന്റെ കാലത്ത്, ഇസ്രായേൽ തങ്ങൾക്ക് ചുറ്റുമുള്ളവരെപോലെ ഒരു ഭൗമീക രാജാവ് വേണമെന്ന്, അവർ ദൈവത്തോട് ആവശ്യപ്പെട്ടു. ദൈവം ജനങ്ങളുടെ ആവശ്യം അനുസരിച്ച് ശൗലിനെ അവരുടെ ആദ്യത്തെ രാജാവായി കൊടുത്തു. ഇസ്രായേൽ രാജാവ് പദപ്രയോഗത്താലുള്ള ഏകാധിപത്യ രീതി ആയിരുന്നില്ല. അവൻ യഹോവയോട് ഒരു ദാസനായി ഭരണത്തെ സഹായിക്കുകയായിരുന്നു. അവന്റെ അധികാരം മോശയുടെ ന്യായപ്രമാണത്തിൽ ഒതുങ്ങി നിന്നിരുന്നു. അവൻ യഹോവയുടെ ദാസനായി ഭൗമീക പ്രതിനിധിയായി സേവിക്കണമായിരുന്നു. യിസ്രായേലിന് എതിരെയുള്ള ശത്രുക്കളെ അവൻ പ്രതിരോധിച്ച്, ഇസ്രായേലിനെ നീതിയിലും ഐക്യതയിലും നയിക്കണമായിരുന്നു.

രാഷ്ട്രീയ അർത്ഥത്തിൽ ഒരു രാജ്യം, പിന്നെ, പരമാധികാരിയായി ഒരു രാജാവും, ഏതെങ്കിലും വിധത്തിലുള്ള ആധിപത്യവും, ഭരിക്കുവാൻ പ്രജകളും, തന്റെ ഭരണത്തിനു രാജാവുണ്ടാക്കിയ നിയമവും വേണം. രാജ്യങ്ങൾ ചെറുതോ അല്ലെങ്കിൽ വലുതോ ആകാം; അതിൽ ഭൗതിക ദേശത്തിന്റെ ആധിപത്യമോ അല്ലെങ്കിൽ സ്ഥിരവാസമില്ലാത്ത ദേശമോ ആകാം. “രാജ്യം” എന്ന വാക്കിലുള്ള മുഖ്യ ആശയം രാജാവിന്റെ ഭരണവും പൗരന്മാർ ആ രാജാവിനെ അനുസരിക്കുന്നതുമാണ്.

## അതിന്റെ പ്രവചനപരമായ ഉപയോഗം

തിരുവെഴുത്തിൽ “രാജ്യം” എന്ന വാക്ക് പ്രവചനപരമായും ഉപയോഗിച്ചിട്ടുണ്ട്. ലോകത്തിൽ അന്ത്യകാലമായ ക്രിസ്തീയ കാലത്ത് നടത്തുവാനുദ്ദേശിച്ച പ്രവൃത്തിയെ മുന്നറിയിക്കുന്നതിനാണ് പരിശുദ്ധാത്മാവ് ഈ പദപ്രയോഗം ഉപയോഗിച്ചിരിക്കുന്നത്.

ഒരു മുഖ്യമായ “രാജ്യം” എന്ന പ്രവചനം ദാനിയേൽ 2-ൽ നമുക്കു കാണാം. ദൈവശ്വാസിയമായി ദാനിയേൽ എഴുതി, “ഈ രാജാക്കന്മാരുടെ കാലത്തു സ്വർഗ്ഗസ്ഥനായ ദൈവം ഒരു നാളും നശിച്ചു പോകാത്ത ഒരു രാജ്യത്വം സ്ഥാപിക്കും, ആ രാജ്യത്വം വേറൊരു ജാതിക്കു ഏല്പിക്കപ്പെടുകയില്ല; അതു ഈ രാജ്യത്വങ്ങളെ ഒക്കെയും തകർത്തു നശിപ്പിക്കയും എന്നേക്കും നിലനില്ക്കയും ചെയ്യും” (ദാനിയേൽ 2:44). പ്രവചിച്ച രാജ്യത്തെ സംബ

ന്ധിച്ച് സുപ്രധാന സത്യങ്ങൾ ദാനിയേൽ വെളിപ്പെടുത്തുന്നുണ്ട്. ആദ്യമായി, അതു ഒരു പ്രത്യേക രാജ്യവും പ്രത്യേകരാജഭരണവും, സ്വർഗ്ഗസ്ഥനായ ദൈവത്താൽ സ്ഥാപിതവുമായിരിക്കും. രണ്ടാമത്, ഈ രാജ്യം നിത്യരാജ്യമായിരിക്കും അല്ലെങ്കിൽ അതിനു അവസാനമുണ്ടാകയില്ല. മൂന്നാമത്, ലോകത്തിലെ മറ്റെല്ലാ രാജ്യങ്ങളേക്കാളും അതു ഉന്നതവും ശക്തവും സ്ഥിരവുമായിരിക്കാം.

അതിലധികമായി, യോഹന്നാൻ സ്നാപകന്റെ പ്രസംഗത്തിലെ കേന്ദ്രബിന്ദുവായിരുന്നു വരുവാനുള്ള ദൈവരാജ്യത്തെക്കുറിച്ചുള്ള പ്രവചനം (മത്തായി 3:1, 2) അതുപോലെ യേശുവിന്റെ ഉപദേശത്തിലും പ്രസംഗത്തിലും (മത്തായി 4:17). ക്രിസ്തു പ്രസംഗിച്ച സുവിശേഷം രാജ്യത്തിന്റെ സുവിശേഷം ആയിരുന്നു (മത്തായി 9:35). ദൈവരാജ്യം ആസന്നമായിരിക്കുന്നു എന്നു പ്രസംഗിപ്പാനായിരുന്നു യേശു പന്ത്രണ്ട് അപ്പൊസ്തലന്മാരെയും എഴുപതു ശിഷ്യന്മാരെയും അയച്ചത് (ലൂക്കൊസ് 10:1-20; മത്തായി 10:7; ലൂക്കൊസ് 10:9). യേശുവിന്റെ ഉപമകളിൽ മൂന്നിലൊന്നിൽ അധികവും രാജ്യത്തെക്കുറിച്ചുള്ള സത്യം വെളിപ്പെടുത്തിയിരിക്കുന്നു. രാജ്യം വരേണമേ എന്നു പ്രാർത്ഥിക്കുവാൻ യേശു ശിഷ്യന്മാരെ പഠിപ്പിച്ചു (മത്തായി 6:10).

യോഹന്നാനും ക്രിസ്തുവും രാജ്യത്തെക്കുറിച്ചു പഠിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ, ധാരാളം വസ്തുതകൾ പഠിക്കാൻ കഴിയും: ആദ്യം, ദൈവ പദ്ധതിയിൽ വരുവാനുള്ള രാജ്യത്തിനു വലിയ പ്രാധാന്യമുണ്ടായിരുന്നു. രണ്ടാമത്, ദൈവരാജ്യം വരുന്നത് അടുത്തിരുന്നു. “അടുത്തിരിക്കുന്നു” അല്ലെങ്കിൽ “ആസന്നമായിരിക്കുന്നു.” മൂന്നാമത്, ദാനിയേൽ പ്രവചിച്ചത് നിറവേറുന്ന രീതിയിലായിരുന്നു വരുന്ന രാജ്യം. നാലാമത്, മനുഷ്യപ്രവൃത്തിയായിട്ടല്ല, ദൈവപ്രവൃത്തിയായിട്ടാണ് രാജ്യം വരുന്നത്, അഞ്ചാമത്, അതു വന്നാൽ, ആളുകൾക്കു രാജ്യത്തിൽ പ്രവേശിക്കാൻ കഴിയുന്നത് ദൈവത്തിന്റെ നിബന്ധനകൾ അനുസരിച്ചാൽ മാത്രമാണ് (യോഹന്നാൻ 3:5).

പ്രവൃത്തി 2 നു ശേഷം, രാജ്യം എല്ലായ്പോഴും നിലനില്ക്കുന്ന യാഥാർത്ഥ്യമായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. യേശു നിക്കൊദേമോസിനോടു പറഞ്ഞു, “ആമേൻ, ആമേൻ ഞാൻ നിന്നോടു പറയുന്നു, വെള്ളത്താലും, ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴിയുകയില്ല” (യോഹന്നാൻ 3:5). എന്നാൽ ഫിലിപ്പൊസ് ശമര്യയിൽ പ്രസംഗി

ച്ചതിനെ ലൂക്കൊസ് എഴുതി, "എന്നാൽ ദൈവരാജ്യത്തെയും യേശുക്രിസ്തുവിന്റെ നാമത്തേയും കുറിച്ചുള്ള സുവിശേഷം അറിയിക്കുന്ന ഫിലിപ്പൊസിനെ അവർ വിശ്വസിച്ചപ്പോൾ പുരുഷന്മാരും സ്ത്രീകളും സ്നാനം ഏറ്റു" (പ്രവൃത്തികൾ 8:12). രാജ്യം വന്നിട്ടില്ല എന്നു പ്രസംഗിക്കുവാൻ ഫിലിപ്പൊസിന്നു കഴിയുമായിരുന്നില്ല.

"രാജ്യം" എന്ന വാക്കിന്റെ പ്രവചനപരമായ ഉപയോഗം, പിന്നെ, തങ്ങളെത്തന്നെ ലോകത്തിൽ ദൈവേഷ്ടത്തിനു കീഴ്പ്പെടുത്തി ആളുകളെ ആത്മീയമായി ദൈവം വാഴുന്നതിനെയാണ് സൂചിപ്പിക്കുന്നത്. അതൊരു സാമ്രാജ്യത്തെയും വാഴ്ച്ചയെയും സൂചിപ്പിക്കുന്നു - ഒരു ജീവിതത്തിന്മേലുള്ള ദൈവത്തിന്റെ ആത്മീയ വാഴ്ച്ചയാണ്. സാമ്രാജ്യം ആത്മീയ പ്രതലങ്ങളിലെ ദൈവിക വാഴ്ചയാണ്. "സഭ" എന്ന വാക്കിലും രാജാവായ ക്രിസ്തുവിന്റെ ആത്മീയ വാഴ്ച്ച അടങ്ങുന്നു: സുവിശേഷം കൈക്കൊണ്ട് ഒരാൾ തന്റെ ജീവിതം ക്രിസ്തുവിന്റെ ഇഷ്ടത്തിന്നായി സമർപ്പിച്ചാൽ, അയാൾ ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയോടു ചേർക്കപ്പെടുന്നു; അയാൾ പിന്നെ ക്രിസ്തു എന്ന സഭയുടെ തലക്കു കീഴ്പ്പെട്ട് സഭയായി ജീവിക്കുന്നു. അതാണ് ദൈവത്തിന്റെ ഇവിടത്തെ ഭരണം. അങ്ങനെ "ദൈവരാജ്യം" "ക്രിസ്തുവിന്റെ സഭയും" എന്ന പ്രയോഗങ്ങൾ രണ്ടും ഒരേ അർത്ഥത്തിലാണ് യേശു മത്തായി 16:18, 19-ൽ വെളിപ്പെടുത്തിയിരിക്കുന്നത്.

**ഇപ്പോഴത്തെ - ഉപയോഗം**

"രാജ്യം" എന്ന വാക്കിന്റെ രാഷ്ട്രീയ പശ്ചാത്തലവും, പ്രവചന ഉപയോഗവും, പുതിയ നിയമ യാഥാർത്ഥ്യവും വർത്തമാന - കാലത്തിൽ, പ്രായോഗിക ഉപയോഗത്തിന് ആവശ്യമാണ്.

ആദ്യം, അതു *പ്രവചന നിറവേറലായി* ഉപയോഗിക്കണം. ദാനിയേൽ സംസാരിച്ച രാജ്യം വന്നു. രാജകീയവാഴ്ച്ചയായി പ്രത്യേകമായി ദൈവം ഈ ലോകത്തിൽ പ്രവർത്തിക്കുന്നു. അതിപ്പോൾ ആത്മീയ സാമ്രാജ്യത്തിലാണ്. ആ രാജകീയ ഭരണത്തിൽ വരുന്നതു ദൈവേഷ്ടത്തിനു തങ്ങളെതന്നെ കീഴ്പ്പെടുത്തിയവരാണ്. രാജ്യം വരുമെന്ന ദൈവത്തിന്റെ പ്രവചനം നിറവേറി.

രണ്ടാമത്, നാം "രാജ്യം" എന്ന വാക്ക് *വർത്തമാന - കാല യാഥാർത്ഥ്യമായ* അർത്ഥത്തിൽ ഉപയോഗിക്കണം. ദൈവരാജ്യം ഇനി വരുവാനുള്ളതല്ല. അനുസരണമുള്ള വിശ്വാസത്തോടുകൂടി

അവന്റെ സഭയിൽ വരുന്നവരെ ക്രിസ്തു വാഴുന്നു. ഒരർത്ഥ ത്തിൽ നമ്മുടെ പ്രാർത്ഥന "നിന്റെ രാജ്യം വരേണമേ" എന്നായി രിക്കരുത്, പിന്നെയോ "ഞാൻ പൂർണ്ണമായും നിന്റെ ഇഷ്ടത്തിന് കീഴ്പ്പെട്ട് എന്റെ ജീവിതത്തെ അങ്ങു വാഴുകയും എന്നെ നിന്റെ രാജ്യത്തിൽ ആയിരിപ്പാൻ സഹായിക്കയും ചെയ്യേണമേ" എന്നാ കണം.

മൂന്നാമത്, *ഭൂമിയിൽ സ്വർഗ്ഗീയ വാഴ്ചയുടെ ഭാഗം എന്ന നില യിലും* നാം ഈ വാക്ക് ഉപയോഗിക്കണം. ദൈവത്തിന്റെ തിരഞ്ഞെ ടുത്ത പ്രത്യേക ജനം, ആയ സഭ, അവന്റെ രാജ്യത്തിന്റെ ഭൗമിക ഭാഗമാണ്. യേശുവും പുതിയനിയമ എഴുത്തുകാരും സഭയാണ് ദൈവരാജ്യം എന്നു വ്യക്തമാക്കിയിട്ടുണ്ട്. രാജാവിന്നു കീഴ്പ്പെ ട്ടാൽ പൗരത്വമായി മാറുന്നു, അവന്റെ സഭയായി അനുസരിക്കുന്ന വിശ്വാസികൾ ഉള്ള സമൂഹത്തെയാണ് യേശു രാജ്യമെന്ന് വിളി ച്ചിരിക്കുന്നത് (മത്തായി 16:18, 19).

നാലാമത്, ഈ വാക്ക് നാം *ആത്മീയ ഭരണം* എന്ന സന്ദർഭ ത്തിൽ കാണണം. നിത്യതയിൽ പിതാവിനോടും പുത്രനോടും പരി ശുദ്ധാത്മാവിനോടും തികഞ്ഞ ഉറ്റ ബന്ധം ഉണ്ടാകുവാനും ഇന്നു എല്ലാ വിശ്വസ്തരായ ക്രിസ്ത്യാനികളും ക്രിസ്തുവിന്റെ ആത്മീയ ഭരണത്തിൻ കീഴിലാകണം. ഇപ്പോൾ സഭയാണ് രാജ്യം, എന്നാൽ അതിലെ അംഗങ്ങൾ നിത്യരാജ്യത്തിനായി കാത്തിരിക്കുന്നു. "രാജ്യം" എന്ന വാക്കിന് ഭാവി സംബന്ധിച്ച അർത്ഥവുമുണ്ട്. ക്രിസ്തു പറഞ്ഞു, "'കർത്താവേ, കർത്താവേ' എന്നു വിളിക്കുന്ന ഏവനുമുള്ള സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ രാജ്യത്തിൽ പ്രവേശിക്കുന്നത്; ..." (മത്തായി 7:21). പൗലൊസ് എഴുതി, "കർത്താവു എന്നെ സകല ദുഷ്ടപ്രവൃത്തിയിൽ നിന്നും വിടുവിച്ചു തന്റെ സ്വർഗ്ഗീയരാജ്യത്തിനായി രക്ഷിക്കും; അവന്നു എന്നെ ന്നേക്കും മഹത്വം ആമേൻ" (2 തിമൊഥെയൊസ് 4:18). പൗലൊസ് ദൈവ രാജ്യത്തിലായിരുന്നു, എന്നാൽ അവൻ സ്വർഗ്ഗീയ രാജ്യ ത്തിലേക്കു പ്രവേശിക്കുന്നതിനായി കാത്തിരുന്നു. പഴയനിയമത്തി ന്റെയും പുതിയനിയമത്തിന്റെയും പ്രവചന നിറവേറലായി അവൻ രാജ്യത്തെ കണ്ടു, രണ്ടും വർത്തമാനകാല യാഥാർത്ഥ്യമായി ക്രിസ്തു പണിത സഭയിൽ നിത്യതക്കു വേണ്ടിയുള്ള വാഗ്ദാന മായി കാണിച്ചിട്ടുണ്ട്.

ഒരാൾ പുതിയ നിയമത്തിൽ തുടർന്നു വായിച്ചാൽ, "രാജ്യം" എന്ന വാക്കിന്റെ ഉപയോഗം കുറഞ്ഞുവരുന്നതായി കാണാം, അതു

"സ്വർഗ്ഗരാജ്യമായാലും" "ദൈവരാജ്യം" ആയാലും അല്ലെങ്കിൽ രാജ്യത്തിന് മറ്റു പദപ്രയോഗം ഉപയോഗിക്കുന്നതായാലും ശരിയാണ്. രാജ്യത്തെ സൂചിപ്പിച്ചിരിക്കുന്നത് മത്തായി എഴുതിയ സുവിശേഷത്തിൽ മുപ്പത്തി ഒൻപതു പ്രാവശ്യവും, യോഹന്നാന്റെ സുവിശേഷത്തിൽ അഞ്ചു പ്രാവശ്യവും, പ്രവൃത്തികളുടെ പുസ്തകത്തിൽ എട്ട് പ്രാവശ്യവും, പൗലൊസിന്റെ ലേഖനങ്ങളിൽ പതിന്നാലു പ്രാവശ്യവും, രണ്ടു പ്രാവശ്യം പൊതുലേഖനങ്ങളിലും, എബ്രായ ലേഖനത്തിൽ രണ്ടു പ്രാവശ്യവും വെളിപ്പാടിൽ മൂന്നു പ്രാവശ്യവുമാണ്. ആകയാൽ, "രാജ്യം" എന്ന വാക്ക് തുടരുന്നുവെങ്കിലും അതിന്റെ ഉപയോഗം പുതിയ നിയമത്തിൽ കുറഞ്ഞു വരികയാണ്. (അനുബന്ധം 4 നോക്കുക.)

പുതിയ നിയമത്തിൽ മത്തായി മാത്രമാണ് "സ്വർഗ്ഗരാജ്യം" എന്ന് ഉപയോഗിച്ചിരിക്കുന്നത്. മർക്കൊസും ലൂക്കൊസും യോഹന്നാനും "ദൈവരാജ്യം" എന്നാണ് പറഞ്ഞത്. ഒരാൾ പ്രവൃത്തികളുടെ പുസ്തകത്തിലേക്ക് കടക്കുമ്പോൾ "രാജ്യം" എന്നതിന്റെ ഉപയോഗം കുറഞ്ഞു വരുന്നതായി കാണാം, അതേ സമയം "സഭ" എന്ന വാക്കിന്റെ ഉപയോഗം വർദ്ധിച്ചും വരുന്നു. "രാജ്യം" എന്ന വാക്ക് "സഭ" എന്ന വാക്കായി മാറി ഉപയോഗിച്ചിരിക്കുന്നതായി കാണാം.

## "സഭ" എന്ന വാക്ക്

"സഭ" എന്ന ആ വാക്ക് സുപ്രധാനമാണ് കാരണം അതിനു പുതിയ നിയമ സന്ദേശം മുഴുവനും പ്രാധാന്യമായ ബന്ധം ഉണ്ട്. ഗ്രീക്ക് പുതിയനിയമത്തിൽ 114 പ്രാവശ്യം ഉപയോഗിച്ചിരിക്കുന്ന വാക്ക് തർജ്ജിമ ചെയ്ത വാക്കാണ് ഇംഗ്ലീഷിൽ "ചർച്ച്" എന്നത്. പുതിയ നിയമത്തിലെ ഈ വാക്ക് ഒരാൾ ഇന്ന് ക്രിസ്തുവിന്റെ രക്ഷാവഴിയിലേക്കുള്ള പ്രത്യാശ കൈവരിക്കാൻ സാദ്ധ്യമല്ല എന്നു പറയാം.

### അതിന്റെ ഐഹിക ഉപയോഗം

ആദ്യം ഈ വാക്ക് പൊതുവിൽ, പ്രത്യേക മതപരമായ അർത്ഥം ഇല്ലാതെ ദൈനന്തിന ജീവിതത്തിൽ ഉപയോഗിച്ച വാക്കായിരുന്നു.

എഫെസൊസിൽ സംഭവിച്ച കുഴപ്പവുമായുള്ള ബന്ധത്തിൽ ഈ അർത്ഥത്തിൽ പ്രവൃത്തി 19-ൽ ഉപയോഗിച്ചതായി കാണാം. ക്രിസ്ത്യാനിത്വത്തെ സംബന്ധിച്ച് ഒരു കലക്കം ഉണ്ടായി. ആളു

കൾ അടുത്തുള്ള ഒരു ഹാളിലേക്ക് ഓടിക്കൂടി തെറ്റിദ്ധാരണ വർദ്ധിച്ചു. അവരുടെ കൂടിവരവിനെ, എഴുത്തുകാരനായ, ലൂക്കൊസ് പറഞ്ഞു, "ജനസംഘം കലക്കത്തിലായി മിക്കപേരും തങ്ങൾ വന്നു കൂടിയ സംഗതി എന്തെന്ന് അറിയായ്കയാൽ ചിലർ അങ്ങനെയും ചിലർ ഇങ്ങനെയും ആർത്തു" (പ്രവൃത്തികൾ 19:32; എംഫസിസ് മൈൻ).

ലൂക്കൊസ് ഇവിടെ കൂടി വന്നതിന് ഉപയോഗിച്ച വാക്ക് *എക്ലേ സിയ* എന്നാണ്, അതു തർജ്ജിമ ചെയ്തതാണ് നമ്മുടെ ഇംഗ്ലീഷ് വാക്കായ "സഭ" എന്നത്. അവസാനം, ടൗണിലെ ക്ലർക്ക്, പറഞ്ഞു,

> വേറെ കാര്യം ചൊല്ലി ആകുന്നു വാദം എങ്കിൽ ധർമ്മ*സഭയിൽ* തീർക്കാമല്ലൊ. ഇന്നത്തെ കലഹത്തിനു കാരണം ഇല്ലായ്കയാൽ അതു നിമിത്തം നമ്മുടെ പേരിൽ കുറ്റം ചുമത്തുവാൻ ഇടയുണ്ട് സ്പഷ്ടം. ഈ ആൾക്കൂട്ടത്തിനു ഉത്തരം പറവാൻ നമുക്കു വക ഒന്നുമില്ലല്ലൊ (പ്രവൃത്തികൾ 19:39, 40; എംഫസിസ് മൈൻ).

പിന്നെയും ലൂക്കൊസ് പറഞ്ഞു, "ഇങ്ങനെ പറഞ്ഞു അവൻ *സഭയെ* പിരിച്ചുവിട്ടു" (പ്രവൃത്തികൾ 19:41; എംഫസിസ് മൈൻ).

ജനസംഘത്തിന്റെ കൂടിവരവിനെ വിവരിക്കുമ്പോൾ ലൂക്കൊസ് മൂന്നു പ്രാവശ്യം *എക്ലേസ്യ* എന്ന ഗ്രീക്ക് വാക്ക് ഉപയോഗിച്ചിട്ടുണ്ട് (പ്രവൃത്തികൾ 19:32, 39, 41) വെറും കൂടി വരവിനെ ഉദ്ദേശിച്ചാണ് ഇവിടെ പറയുന്നത്, 32-ാം വാക്യത്തിലും 43-ാം വാക്യത്തിലും വന്നുകൂടിയ എന്ന അർത്ഥത്തിലും 30-ാം വാക്യത്തിൽ ജനക്കൂട്ടം എന്ന അർത്ഥത്തിലും എക്ലേസ്യ എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നു. അവിടെ ഉപയോഗിച്ച് അസംബ്ലി അല്ലെങ്കിൽ എക്ലേസ്യ തിയേറ്ററിലേക്കു വിളിച്ചു ഒരുമിച്ചു ചേർത്തതല്ല. അതു കലഹം നിമിത്തം, ജനം ഒഴുകി എത്തിയതാണ്. 39-ാം വാക്യത്തിൽ നിയമപരമായ കാര്യങ്ങൾക്കു തീർപ്പ് കല്പിക്കുന്നതിനു വിളിച്ച് ചേർക്കുന്ന അർത്ഥത്തിൽ *എക്ലേസ്യ* എന്ന വാക്ക് ലൂക്കൊസ് ഉപയോഗിച്ചിട്ടുണ്ട്.

എക്ലേസ്യ എന്ന വാക്ക് ലൂക്കൊസ് ഉപയോഗിച്ചിരിക്കുന്നതിന്റെ വെളിച്ചത്തിൽ, ആ വാക്കിനെ കുറിച്ചു ചിന്തിക്കുന്നതു നന്നായിരിക്കും,അതിന്റെ ഐഹിക ഉപയോഗം, ഒരു തരത്തിലുള്ള കൂടി

വരവായും ചിലപ്പോൾ വിളിച്ചു വരുത്തിയ കൂടിവരവായും, മറ്റു ചിലപ്പോൾ കൂടി വരവ് തനിയെ സംഭവിക്കുന്നതായും കാണാം. ലൂക്കൊസ് ഓരോ കൂടിവരവിനും എക്ലേസ്യ എന്നാണ് പറഞ്ഞി രിക്കുന്നത്.

"വിളിച്ചു - വേർതിരിക്കപ്പെട്ട കൂടിവരവി" നെക്കാളും കൂടുതൽ അർത്ഥം പുതിയ നിയമത്തിൽ എക്ലേസ്യ എന്ന വാക്ക് ഐഹിക മായി ഉപയോഗിച്ചാൽ ഉണ്ടെന്ന് ഇന്നു വിശ്വസിക്കുന്ന ചില ഭാഷാ പണ്ഡിതന്മാർ ഉണ്ട്. ലൂക്കൊസ് പ്രവൃത്തികൾ 19-ൽ ഉപയോഗിച്ചി രിക്കുന്നത് അവരുടെ തീർപ്പാകുന്നു എന്നു തോന്നുന്നു.

നമ്മുടെ കർത്താവ് ഈ വാക്ക് മതപരമായ അർത്ഥത്തിൽ ഉപ യോഗിക്കുന്നതിനു മുൻപു ഐഹികലോകം ഈ എക്ലേസ്യ എന്ന വാക്ക് ഉപയോഗിച്ചിരുന്നതിന്റെ ഉൾക്കാഴ്ച ലൂക്കൊസ് നല്കുക യാണ്. ഈ വാക്കിന്റെ പശ്ചാത്തലത്തിന്മേൽ കർത്താവു ഉപയോ ഗിച്ച എക്ലേസ്യ എന്ന വാക്ക് കൂടുതൽ മനസിലാക്കാൻ സഹാ യിക്കും.

### അതിന്റെ മതപരമായ ഉപയോഗം

പുതിയനിയമത്തിൽ മതപരമായും *എക്ലേസ്യ* എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ട്.

പഴയ നിയമത്തിൽ യെഹൂദന്മാരുടെ പശ്ചാത്തലത്തിൽ നിന്നു ക്രിസ്ത്യാനിത്വത്തിലേക്കു വന്നപ്പോൾ ദൈവജനത്തിന്റെ കൂടിവരവ് എന്ന ആശയം പ്രകടമായിരുന്നു. പഴയ നിയമ ഗ്രീക്കു തിരുവെഴുത്തുകളുടെ തർജ്ജിമയായ സെപ്ത്വജിന്റ്, ഇസ്രായേ ലിന്റെ "ഇടവക" എന്നാണ് എബ്രായ ഭാഷയിൽ. അതു ഗ്രീക്കിൽ തർജ്ജിമ ചെയ്തിരിക്കുന്ന വാക്കാണ് *എക്ലേസ്യ*, പ്രത്യേകിച്ച് യിസ്രായേൽ ഒരു"ഇടവകയായി" കർത്താവിന്റെ മുമ്പിൽ മതപ രമായ കാര്യങ്ങൾക്കു കൂടി വരുന്നതിനെ സൂചിപ്പിക്കുന്നു (ആവർത്തനപുസ്തകം 18:16; 31:30; 1 രാജാക്കന്മാർ 8:65; പ്രവൃത്തി 7:38).

ഒരു പ്രത്യേക ഉദ്ദേശത്തിനായി ആളുകൾ കൂടി വരുന്നതിനെ സൂചിപ്പിച്ചുകൊണ്ട് ആദ്യം "പള്ളി" എന്ന വാക്ക് ഉപയോഗിച്ചിരി ക്കുന്നു. പിന്നീട്, ആ വാക്ക് ക്രിസ്ത്യാനികൾ ആരാധിക്കുവാൻ കൂടിവരുന്നതിന് ഉപയോഗിക്കുന്നുണ്ട്. യാക്കൊബ്, *പള്ളി* എന്നും *എക്ലേസ്യ* എന്നും രണ്ട് ഗ്രീക്ക് വാക്കുകൾ ഉപയോഗിച്ചിട്ടുണ്ട്, കാരണം അവന്റെ മനസ്സിൽ തന്റെ പുസ്തകവായനക്കാർ യെഹൂ

ദക്രിസ്ത്യാനികളായിരുന്നു. *പള്ളി* എന്ന വാക്ക് അവർ ഉപയോഗിച്ചത് ക്രിസ്ത്യാനികൾ ആരാധിക്കുവാൻ കൂടി വരുന്നതിനെ ഉദ്ദേശിച്ചാണ് (യാക്കൊബ് 2:2), *എക്‌ലേസ്യ* എന്നതു ഒരു പ്രദേശത്തെ വിശ്വാസികളുടെ കൂട്ടത്തെ ഉദ്ദേശിച്ചുമാണ് (യാക്കൊബ് 5:14).

അങ്ങനെ, അവന്റെ രക്ഷ നിമിത്തം, ദൈവത്തിന്റെ പ്രത്യേക ജനത്തെ നാമനിർദ്ദേശം ചെയ്യുവാൻ, നമ്മുടെ കർത്താവ് "സഭ" എന്ന വാക്ക് തെരഞ്ഞെടുത്തു (മത്തായി 16:18), അതിന്റെ ഐഹിക ഉപയോഗത്തിൽ, അതിന്റെ അർത്ഥം ഒരുപക്ഷെ "സഭായോഗം" എന്നാകാം. എന്നാൽ പഴയ നിയമത്തിൽ അതു "ദൈവജനത്തിന്റെ കൂടിവരവാണ്" സൂചിപ്പിക്കുന്നത്. നമ്മുടെ കർത്താവ് ഒരു ഐഹിക വാക്ക് എടുത്ത് അതിനു പ്രത്യേക മതപരമായ അർത്ഥം കൊടുത്തു. അവൻ ഈ വാക്ക് തിരഞ്ഞെടുത്തതിൽ, അതിന്റെ ഐഹികവും മതപരവുമായ പശ്ചാത്തലം എടുത്ത് അതിന് തന്റേതായ അർത്ഥവും കൊടുത്തു. യേശു, ആ വാക്ക് ഉപയോഗിക്കുവാൻ നല്കി, ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട സാർവ്വദേശിയ ആളുകളെ സൂചിപ്പിക്കുകയാണ്. അവർ കൂടിവന്നാലും ഇല്ലെങ്കിലും (പ്രവൃത്തികൾ 8:3; എഫെസ്യർ 1:22).

പുതിയനിയമത്തിൽ *എക്‌ലേസ്യ* എന്ന വാക്കിന്റെ മറ്റൊരു ആശയം "വിളിച്ചു വേർതിരിച്ച" അല്ലെങ്കിൽ "മാറ്റി നിർത്തിയ" എന്നാണ്. ഈ ആശയം ആ വാക്കിന്റെ പൊതു ഉപയോഗത്തിൽ ഇല്ലെങ്കിലും, കർത്താവു പ്രത്യേകമായി ഉപയോഗിക്കുന്നതിൽ അതിനു പ്രധാന പങ്ക് ഉണ്ടു താനും. നാമനിർദ്ദേശം ചെയ്ത ആളുകളുടെ സ്വഭാവത്താൽ ഈ ആശയം ഉയർന്നു നില്ക്കുന്നു.

പെന്തെക്കൊസ്തു നാളിൽ കൂടി വന്ന പുരുഷാരത്തോട് പത്രൊസ് പറഞ്ഞു, "വാഗ്ദത്തം നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും നമ്മുടെ ദൈവമായ കർത്താവു വിളിച്ചു വരുത്തുന്ന ദൂരസ്ഥന്മാരായ ഏവർക്കും ഉള്ളതല്ലൊ എന്നു പറഞ്ഞു" (പ്രവൃത്തികൾ 2:39). പൗലൊസ് തെസലൊനിക്യരോടു പറഞ്ഞു, "തന്റെ രാജ്യത്തിനും മഹത്വത്തിന്നും നിങ്ങളെ വിളിക്കുന്ന ദൈവത്തിന്നു യോഗ്യമായി നടപ്പാൻ തക്കവണ്ണം ഉത്സാഹിപ്പിച്ചു" (1 തെസ്സലൊനിക്യർ 2:12). അവരെ ദൈവം വിളിച്ചത് സുവിശേഷത്താലത്രെ. പൗലൊസ് പറഞ്ഞു, "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ മഹത്വം പ്രാപിപ്പാനല്ലൊ അവൻ ഞങ്ങളുടെ സുവിശേഷഘോഷണത്താൽ നിങ്ങളെ രക്ഷെക്കു വിളിച്ചത്" (2 തെസ്സലൊനിക്യർ 2:14). അങ്ങനെ സുവിശേഷം മുഖാന്തരം

ദൈവത്തിലേക്കു വിളിച്ചവരെ "സഭ" എന്നു വിളിച്ചു (1 കൊരിന്ത്യർ 1:1-3).

അതിലുമധികമായി, പൗലൊസ് കൊലൊസ്യയിലുള്ള സഭയോട്, "നമ്മെ ഇരുട്ടിന്റെ അധികാരത്തിൽ നിന്നു വിടുവിച്ചു തന്റെ സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കി വെക്കുകയും ചെയ്ത പിതാവിന്നു സന്തോഷത്തോടെ സ്ത്രോത്രം ചെയ്യുന്നവരാകേണം എന്നും അപേക്ഷിക്കുന്നു. അവനിൽ നമുക്കു പാപമോചനം എന്ന വീണ്ടെടുപ്പ് ഉണ്ട്" (കൊലൊസ്യർ 1:13, 14). പത്രൊസ് പറഞ്ഞു "നിങ്ങളോ അന്ധകാരത്തിൽ നിന്നു തന്റെ അത്ഭുത പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാന്തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധ വംശവും സ്വന്തജനവുമാകുന്നു" (1 പത്രൊസ് 2:9). "നിങ്ങളെ വിളിച്ച വിശുദ്ധന്നു ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ" (1 പത്രൊസ് 1:15).

പ്രത്യേക സ്ഥലമോ സമയമോ ഗണ്യമാക്കാതെ എല്ലാ ദൈവജനത്തെയും ഉദ്ദേശിച്ചാണ് യേശു "സഭ" എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്. പെന്തെക്കൊസ്തു നാളിൽ സ്ഥാപിച്ച സഭയിൽ ഇന്ന് ആരും അംഗങ്ങളല്ല എങ്കിലും, എല്ലാ കാലത്തും സ്ഥലങ്ങളിലും ഉള്ള സത്യാനുസാരികളായ ക്രിസ്ത്യാനികൾ കർത്താവു സ്ഥാപിച്ച സഭയിൽ അംഗങ്ങളാണ്. യേശു ഉയിർത്തെഴുന്നേറ്റ ശേഷമുള്ള ആദ്യത്തെ പെന്തെക്കൊസ്തു നാളിൽ എല്ലാ കാലത്തേക്കും എല്ലാവർക്കുമായി സ്ഥാപിച്ച സഭയ്ക്ക് ഒരു ജന്മദിവസം മാത്രമാണ്; അതു നൂറ്റാണ്ടുകൾക്കു ശേഷം, വിശ്വാസ ത്യാഗം സംഭവിച്ചശേഷം വീണ്ടും ജനിക്കുന്നില്ല.

## അതിന്റെ പ്രായോഗിക ഉപയോഗം

"സഭ" എന്ന വാക്കിന് യേശുവും പരിശുദ്ധാത്മാവും നല്കിയിരിക്കുന്ന അർത്ഥം പുതിയനിയമത്തിൽ, പ്രായോഗികമായി നാം കാണേണ്ടതുണ്ട്.

പ്രായോഗിക ഉപയോഗത്തിൽ, ദൈവശ്വാസിയ എഴുത്തുകാർ "സഭ" എന്ന വാക്ക് നാലു വിധത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. ആദ്യമായി, ഒരു പ്രദേശത്തെ ദൈവജനമാകുന്ന ഇടവകയെ സൂചിപ്പിച്ച് ഉപയോഗിച്ചിട്ടുണ്ട്. ക്രിസ്തുയേശുവിനാൽ വിശുദ്ധീകരിക്കപ്പെട്ട, കൊരിന്തിലുള്ള "ദൈവത്തിന്റെ സഭയ്ക്ക്" പൗലൊസ്

എഴുതുന്നുണ്ട് (1 കൊരിന്ത്യർ 1:2). ഫിലിപ്പിയയിലെ സഭയെ ഉദ്ദേശിച്ചു പറഞ്ഞതു ഫിലിപ്പിയയിൽ ക്രിസ്തുയേശുവിലുള്ള സകല വിശുദ്ധന്മാരും" എന്നാണ് (ഫിലിപ്പിയർ 1:1). തെസ്സലൊനിക്യയിലെ വിശുദ്ധന്മാരെ സൂചിപ്പിച്ചു പറഞ്ഞതു, "പിതാവായ ദൈവത്തിലും കർത്താവായ യേശുക്രിസ്തുവിലും ഉള്ള തെസ്സലൊനിക്യാസഭെക്കു എഴുതുന്നത്" എന്നത്രെ (1 തെസ്സലൊനിക്യർ 1:1). ഒരു പ്രദേശത്തെ എല്ലാ ക്രിസ്ത്യാനികളേയും ഉൾപ്പെടുത്തി ആ പ്രദേശത്തെ "സഭ" എന്നു പറയും. പ്രാദേശിക ഇടവകയിലെ ക്രിസ്ത്യാനികളെ സാർവ്വദേശിയമായും പറയാറുണ്ട്. ഒരാൾ ക്രിസ്തുവിന്റെ സഭയിൽ അംഗമാകുമ്പോൾ, അയാൾ താമസിക്കുന്ന സ്ഥലത്തെ ക്രിസ്ത്യാനികളുടെ കൂട്ടത്തിൽ ഭാഗമാകുന്നു.

രണ്ടാമത്, ഒരു മേഖലയിലെ, പ്രാദേശിക ഇടവകകളെക്കുറിച്ചു പറയുന്നതിന് "സഭ" എന്ന വാക്ക് ദൈവശ്വാസിയ എഴുത്തുകാർ ഉപയോഗിച്ചിട്ടുണ്ട്. ലൂക്കൊസ് എഴുതി, "അങ്ങനെ യെഹൂദ്യ, ഗലീല, ശമര്യ എന്നീ ദേശങ്ങളിൽ ഒക്കെയും സഭെക്കു സമാധാനം ഉണ്ടായി, അതു ആത്മികവർദ്ധന പ്രാപിച്ചും; കർത്താവിനോടുള്ള ഭക്തിയിലും പരിശുദ്ധാത്മാവിന്റെ പ്രബോധനയിലും നടന്നും പെരുകിക്കൊണ്ടിരുന്നു" (പ്രവൃത്തികൾ 9:31). ചിലപ്പോൾ ഒരു പ്രദേശത്തെ ഇടവകകളെ ബഹുവചനരൂപത്തിൽ "സഭകൾ" എന്നു പറഞ്ഞിട്ടുണ്ട്. ഗലാത്യർക്കു പൗലൊസ് ലേഖനമെഴുതിയപ്പോൾ "ഗലാത്യയിലെ സഭകൾക്ക്" എന്ന് എഴുതുകയുണ്ടായി (ഗലാത്യർ 1:2). യൂറോപ്പിലെ "സഭ" എന്നോ യൂറോപ്പിലെ സഭകൾ എന്നോ പറയുന്നതു വചനപ്രകാരം തന്നെ.

മൂന്നാമത്, സഭ എങ്ങനെ ആകുന്നു എന്നു കാണിക്കുവാൻ പുതിയ നിയമ എഴുത്തുകാർ "സഭ" എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ട്. സഭകളിലെ ആളുകളുടെ തരത്തെ കാണിക്കുന്നതിന് ഉപയോഗിച്ചിരിക്കയാണ്. റോമാലേഖനം 16-ാം അദ്ധ്യായത്തിൽ പൗലൊസ് സംബോധന ചെയ്യുമ്പോൾ "ജാതികളുടെ സഭകൾ" എന്നു പറയുന്നു: "ക്രിസ്തുയേശുവിൽ എന്റെ കൂട്ടുവേലക്കാരായ പ്രിസ്ക്കില്ലയേയും, അക്വിലാവെയും വന്ദനം ചെയ്‌വിൻ, അവർ എന്റെ പ്രാണനുവേണ്ടി കഴുത്തുവെച്ചു കൊടുത്തവരാകുന്നു; അവർക്കു ഞാൻ മാത്രമല്ല, ജാതികളുടെ സകല സഭകളും നന്ദി പറയുന്നു. അവരുടെ വീട്ടിലെ സഭയേയും വന്ദനം ചെയ്‌വിൻ ..." (റോമർ 16:3-5).

നാലാമത്, ഒരു ഇടവക ആരാധനയ്ക്കായി കൂടി വരുന്നതിനെ

“സഭ” എന്നു ദൈവശ്വാസീയ എഴുത്തുകാർ ഉപയോഗിച്ചിട്ടുണ്ട്. ആരാധനയ്ക്കു കൂടി വരാതിരിക്കുമ്പോഴും സഭയുണ്ട്. എന്നാൽ ഒരു പ്രദേശത്ത് സഭയുടെ കൂടിവരവ് പ്രത്യേകമായി സൂചിപ്പിക്കുന്നതിന് “സഭ” എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ട്. കൊരിന്ത്യയിലെ ക്രിസ്ത്യാനികൾ കൂടിവന്നതു സഭയായിട്ടാണ് എന്ന് പൗലൊസ് പറഞ്ഞിരിക്കുന്നു (1 കൊരിന്ത്യർ 11:18). സർവ്വ സഭകളിലും സ്ത്രീകൾ മൗനമായിരിക്കട്ടെ എന്നും അവർക്കു സംസാരിപ്പാൻ അനുവാദമില്ല; ന്യായപ്രമാണം പറയുന്നതുപോലെ, അവർ കീഴ്പ്പെട്ടിരിക്കണം (1 കൊരിന്ത്യർ 14:34). ഈ വേദഭാഗത്ത് അവൻ പറയുന്നത് സഭ ആരാധിക്കാൻ കൂടി വരുന്ന സന്ദർഭത്തിലാണ്.

സഭയെ ഒരാൾ സൂചിപ്പിക്കുന്നതു ഏതു വിധമായാലും, ക്രിസ്തുവിന്റെ സുവിശേഷത്തിനു കീഴ്പ്പെട്ടവരെയാണ് അയാൾ സംസാരിക്കുന്നത്. ലോകത്തിൽ നിന്നും ഇരുട്ടിൽ നിന്നും വിളിച്ചുവേർതിരിക്കപ്പെട്ടവരാണ് ക്രിസ്ത്യാനികൾ. അവരെ ക്രിസ്തുവും ദൈവശ്വാസീയമായ പുതിയനിയമ എഴുത്തുകാരും “സഭ” എന്നു വിളിച്ചിരിക്കുന്നു.

## ഉപസംഹാരം

ദൈവം തന്റെ ജനത്തിനായി ഉപയോഗിച്ചിരിക്കുന്ന ഈ വാക്കുകളെ ചുരുക്കമായി പഠിക്കുന്നത് തീർച്ചയായും അവന്റെ രാജ്യമാകുന്ന സഭയിൽ, പ്രവേശിക്കുന്നതിനുള്ള വെല്ലുവിളി തന്നെയാണ്. ദൈവം ഈ ഐഹികവാക്കുകൾ എടുത്തുകൊണ്ട്, അതിന്നു പ്രത്യേക അർത്ഥം കൊടുത്ത്, അവന്റെ കൃപയാലുള്ള രക്ഷക്കു സുവിശേഷം മുഖാന്തരം വിളിച്ചവർക്കായി ഉപയോഗിച്ചിരിക്കുന്നു. അതുകൊണ്ട് ഈ വാക്കുകൾ സൂചിപ്പിക്കുന്നതു ദൈവഭരണത്തിനു കീഴ്പ്പെട്ടവരെയും ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവരെയും ആണ്. ദീർഘകാലത്തെ പിതാക്കന്മാരുടെയും മോശെയുടെയും കാലശേഷം, ദൈവം തന്റെ ജനത്തിന്നു പ്രത്യേക പദ്ധതി തയ്യാറാക്കി. തന്റെ ദൈവശ്വാസിയ സന്ദേശവാഹകരോടു മുന്നറിയിച്ചിരുന്നതെല്ലാം അവൻ നിറവേറ്റി. ഇപ്പോൾ നിങ്ങളാണ് അവന്റെ രാജ്യത്തിൽ പ്രവേശിക്കയും അവന്റെ സഭയോട് ചേർക്കപ്പെടുകയും വേണോ എന്നു തീരുമാനിക്കേണ്ടത്.

## പഠനചോദ്യങ്ങൾ

*(അനുബന്ധങ്ങൾ 1 ലെ ഉത്തരങ്ങൾ)*

1. രാജാവും രാജ്യവും എന്ന നിലയിൽ ദൈവത്തിനു യിസ്രായേൽ ജനത്തിനുള്ള ബന്ധം വിവരിക്കുക.
2. ദൈവത്തിന്റെ രാജ്യമായ, യിസ്രായേലിൽ ആദ്യമായി രാജാവായിത്തീർന്ന ശൗലിന്റെ ഉത്തരവാദിത്വം എന്തായിരുന്നു?
3. വരുവാനുള്ള രാജ്യത്തെ ദാനിയേൽ പ്രവചിച്ചതിൽ നിന്നു എന്തു പാഠങ്ങളാണ് നാം പഠിക്കുന്നത്? (ദാനിയേൽ 2:44 നോക്കുക.)
4. "രാജ്യം" എന്ന വാക്കിന്റെ ഉപയോഗം പുതിയനിയമത്തിൽ കുറ ഞ്ഞു വരുന്നത്, എന്താണ് അർത്ഥമാക്കുന്നത്?
5. ഒരാൾക്കു ഇന്ന് എങ്ങനെ ദൈവരാജ്യത്തിലായിത്തീർന്നുകൊണ്ട് നിത്യരാജ്യത്തിനായി നോക്കിപ്പാർക്കാൻ കഴിയുമെന്ന് വിവരിക്കുക. (2 തിമൊഥെയൊസ് 4:18 നോക്കുക.)
6. "സഭ" എന്ന വാക്ക് എപ്പോഴൊക്കെ പുതിയ നിയമത്തിൽ പ്രത്യക്ഷപ്പെടുന്നുവെന്നും അതു ആ വാക്കിന്റെ പ്രാധാന്യത്തെ എടുത്തുകാണിക്കുന്നു എന്നും വിശദമാക്കുക?
7. പുതിയ നിയമത്തിൽ കാണുന്ന "സഭ"യുടെ ലളിതമായ ഐഹിക ഉപയോഗം വ്യക്തമാക്കുക, അങ്ങനെ ഉപയോഗിച്ചിരിക്കുന്ന ഒരു വാക്കും എഴുതുക.
8. "സഭ" എന്ന വാക്കിന്റെ ഐഹിക അർത്ഥം എല്ലായ്പ്പോഴും മതപരമായ കൂടിവരവായിട്ടാണോ ഉള്ളത്? അതു എല്ലായ്പ്പോഴും "പ്രത്യേക ഉദ്ദേശത്തിനായി വിളിച്ചു വേർതിരിച്ചവരുടെ" കൂടി വരവാണോ?

## വാക്ക് സഹായങ്ങൾ

**ക്രിസ്തുവിന്റെ മണവാട്ടി** – സഭ – ക്രിസ്തുവിന്നു സഭയോടുള്ള ബന്ധത്തെ ഒരു പരുഷനു തന്റെ ഭാര്യയോടുള്ള ബന്ധവുമായി താരതമ്യം ചെയ്തിട്ടുണ്ട്. (എഫെസ്യർ 5:22–29 നോക്കുക.)

**ഉപമകൾ** – യേശു പലപ്പോഴും ആത്മിയ സത്യങ്ങൾ ചിത്രീകരിക്കുവാൻ ദൈനന്തിന സംഭവങ്ങൾ ഉപയോഗിച്ചിട്ടുണ്ട് (മത്തായി 13:34).

**പിതാക്കന്മാരുടെ കാലം** – ബൈബിൾ ചരിത്രത്തിലെ ഒരു വേറിട്ട കാലഘട്ടം. ആദ്യത്തേത് പിതാക്കന്മാരുടെ കാലത്ത് ദൈവം നേരിട്ട് കുടുംബത്തലവന്മാരോട് സംസാരിച്ചു. അടുത്തതു മോശയുടെ കാലത്ത്, യിസ്രായേലിന് മോശെയുടെ ന്യായ പ്രമാണം (പത്തു കല്പനകളടക്കം) കൊടുത്തിരുന്നു. ഇതു ക്രിസ്തു ക്രൂശിൽ മരിക്കുന്നതുവരെ തുടർന്നു. അവസാന കാലമാണ് ക്രിസ്തീയ കാലം ഈ കാലത്ത് രക്ഷിക്കപ്പെട്ടവരെല്ലാം സഭയോടു ചേർക്കപ്പെടുകയും ഉപദേശ

ത്തിനും ആരാധനക്കും ദൈവിക നിലവാരം പുതിയ നിയമമാക്കുകയും ചെയ്തു. ഈ കാലം യേശു വീണ്ടും വരുന്നതുവരെ ആയിരിക്കും.

**പ്രവചനം** - ദൈവശ്വാസിയ പ്രവാചകന്മാരുടെ വാക്കുകൾ, ദൈവേഷ്ടം വെളിപ്പെടുത്തുന്ന കാഴ്ച്ചപ്പാടായിരുന്നു; ചിലപ്പോൾ ദൈവശ്വാസിയതയാൽ ഭാവിയെ മുൻ കൂട്ടി അറിയിക്കയും ചെയ്തിരുന്നു.

**ശമുവേൽ** - ഒരു വലിയ പഴയ നിയമ പ്രവാചകനും, പുരോഹിതനും, ന്യായാധിപനും.

**ആധിപത്യമുളള** - ഒരു രാജാവോ മറ്റു ഭരണാധികാരിയോ ആയ ശക്തനായ അധിപൻ, 1 തിമൊഥെയൊസ് 6:14, 15-ൽ കർത്താവായ യേശുവിനെ പറ്റി പറയുന്നതു, "അവൻ ധന്യനായ ഏകാധിപതിയും രാജാധിരാജാവും കർത്താധി കർത്താവും" എന്നത്രെ.

| പുതിയ നിയമസഭ | |
|---|---|
| **സ്ഥാപകൻ: ക്രിസ്തു** മത്തായി 16:18 · **എവിടെ: യെരുശലേം** യെശ 2:3; പ്രവൃത്തികൾ 2:5, 47 · **എപ്പോൾ: A.D. 33** പ്രവൃത്തികൾ 2 · **തല: ക്രിസ്തു** എഫെസ്യർ 1:22 | |
| **സംഘടന** ഫിലിപ്പിയർ 1:1 | **മൂപ്പന്മാർ**: തിത്തൊസ് 1:5; 1 പത്രൊസ് 5:1-3; പ്രവൃത്തികൾ 20:28; 1 തിമൊഥെയൊസ് 3:1-7; **ശുശ്രൂഷകന്മാർ**: പ്രവൃത്തികൾ 6:1-6; 1 തിമൊ 3:8-13; **അംഗങ്ങൾ**: പ്രവൃത്തികൾ 2:41-47; കൊലൊസ്യർ 1:13; 1 കൊരിന്ത്യർ 1:2 |
| **സഭക്കുള്ള നാമ നിർദ്ദേശങ്ങൾ** എഫെസ്യർ 3:15 | **സഭ**: കൊലൊസ്യർ 1:18, 24; **ക്രിസ്തുവിന്റെ ശരീരം**: എഫെസ്യർ 1:22, 23; **രാ-ജ്യം**: പ്രവൃത്തികൾ 8:12; **ക്രിസ്തുവിന്റെ സഭകൾ**: റോമർ 16:16; **ദൈവത്തിന്റെ സഭ**: 1 കൊരിന്ത്യർ 1:2; പ്രവൃത്തികൾ 20:28; **ദൈവത്തിന്റെ ഭവനം**: എഫെസ്യർ 2:19; 1 തിമൊഥെയൊസ് 3:15; **കർത്താവിന്റെ ശിഷ്യൻമാർ**: പ്രവൃത്തികൾ 9:1; **ദൈവമന്ദിരം**: 1 കൊരിന്ത്യർ 3:16; **ആദ്യജാതന്മാരുടേ സഭ**: എബ്രായർ 12:23 |
| **ക്രിസ്ത്യാനികൾക്കുള്ള നാമ നിർ - ദ്ദേശങ്ങൾ**: എഫെസ്യർ 3:15 | **ശിഷ്യന്മാർ**: പ്രവൃത്തികൾ 11:26; **വിശുദ്ധന്മാർ**: 1 കൊരിന്ത്യർ 1:2; ഫിലി. 1:1; **ദൈവമക്കൾ**: ഗലാ. 3:26; 1 യോഹ 2:1; **സഹോദരന്മാർ**: ലൂക്കൊ. 8:21; ഗലാ. 6:1; **ക്രിസ്ത്യാനികൾ**: പ്രവൃകൾ 11:26; 26:28; 1 പത്രൊസ് 4:16 |
| **വിശ്വാസപ്രമാണം** | **യേശുക്രിസ്തു**: മത്തായി 16:16-18; പ്രവൃത്തികൾ 8:37 |
| **വിശ്വാസ നിയമവും പരിശീലനവും: ദൈവവചനം** | **സർവ്വ ശക്തിയും**: മത്തായി 28:18-20; റോമർ 1:16; എബ്രായർ 4:12; **സഭാ നി-യമം**: 2 മൊഥെയൊസ് 3:16, 17; 2 പത്രൊസ് 1:3; **രാജ്യത്തിന്റെ വിത്ത്**: മത്തായി 13:3; ലൂക്കൊസ് 8:11; **ആത്മാവിന്റെ വാൾ**: എഫെസ്യർ 6:17 |
| **ആരാധന** | **പാട്ടുപാടൽ**: കൊലൊസ്യർ 3:16; **പ്രാർത്ഥന**: 1 തെസ്സലൊനിക്യർ 5:17; **ഉപദേശം**: പ്രവൃത്തികൾ 20:7; **കർത്തൃമേശ**: പ്രവൃത്തികൾ 20:7; 1 കൊരിന്ത്യർ 11:23; **ധർമ്മശേഖരം**: 1 കൊരിന്ത്യർ 16:1, 2 |
| **ദൗത്യം** | **ആത്മാക്കളെ രക്ഷിക്കൽ**: മത്തായി 28:18-20; യോഹ. 6:45; എഫെസ്യർ 3:10; 1 തിമൊ. 4:16 |
| **മുന്നറിയിപ്പ്** | **സത്യത്തിൽ വസിക്കുക**: ഗലാ.1:6-8; മത്തായി 15:9, 13; 2 കൊരി. 11:3; വെളി. 22:18, 19; 2 യോഹന്നാൻ 9 |